"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, ഇരുമ്പകശ്ശേരി എ യു പി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. മിനി. പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 24160/2021 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 05.11.2021 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2081/2022/GEDN തീയതി,തിരുവനന്തപുരം, 30-03-2022

---

പരാമർശം:-

1. പാലക്കാട്, ഇരുമ്പകശ്ശേരി എ യു പി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. മിനി. പിയുടെ 13/09/2021 ലെ പുന:പരിശോധനാ ഹർജി(Ext.P7).
2. ബഹു. കേരള ഹൈക്കോടതിയുടെ 05.11.2021-ലെ W.P.(C) No. 24160/2021 മേലുള്ള വിധിന്യായം.
3. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27/01/2022-ലെ സി/2907/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട്, ഇരുമ്പകശ്ശേരി എ യു പി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. മിനി. പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 24160/2021 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1(Ext.P7) പുന:പരിശോധനാഹർജി ഹർജിക്കാരിയെയും മൂന്നാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 8.2.2022-ന് ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഇരുമ്പകശ്ശേരി എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ

തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്.

01/05/2021 മുതൽ ശ്രീമതി. പി.മിനിയെ പ്രധാനാദ്ധ്യാപികയായി നിയമിച്ചു. എച്ച്.എം തസ്തികയിൽ 50 വയസ്സ് കഴിഞ്ഞ അദ്ധ്യാപകരെ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. അത് അനുസരിച്ചാണ് ശ്രീമതി. എം.രതിയെ പ്രധാനാദ്ധ്യാപികയായി നിയമിച്ചിട്ടുള്ളത്. സീനിയർ മോസ്റ്റ് അദ്ധ്യാപികയും 50 വയസ്സ് കഴിഞ്ഞ അദ്ധ്യാപികയും ആയതിനാലാണ് ശ്രീമതി. പി.മിനിയെ പ്രധാനാദ്ധ്യാപികയായി നിയമിച്ചത്. ടി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

50 വയസ്സ് കഴിഞ്ഞതിനാൽ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 45-ബി പ്രകാരം ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് നേടുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്.

കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 45 ബി (4) പ്രകാരം 50 വയസ്സ് കഴിഞ്ഞ അദ്ധ്യാപകർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് നേടുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ആയത് ബഹു. ഹൈക്കോടതി 1993(1) കെ.എൽ.റ്റി 607(ഡി.ബി), 1993(1) കെ.എൽ.ജെ 307, 2015(4) കെ.എൽ.റ്റി 679 എന്നീ വിധികളിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമത്തിൽ ടെസ്റ്റ് യോഗ്യത സർക്കാർ നോട്ടിഫൈ ചെയ്യുന്നതിനനുസരിച്ച് പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകാൻ നിർബന്ധമാക്കേണ്ടിയിരുന്നു. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഒരു യോഗ്യതയും നാളിതുവരെ പ്രിസ്ക്രൈബ് ചെയ്തിട്ടില്ലായെന്ന് 14971/2014, നമ്പർ റിട്ട് ഹർജിയിലും 1900/2014 എന്ന റിട്ട് അപ്പീലിലും ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടുള്ളതും കെ.ഇ.ആർ അദ്ധ്യായം 14 എ റൂൾ 45 ബി അനുസരിച്ച് 50 വയസ് കഴിഞ്ഞവർക്ക് ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ശരി വെച്ചിട്ടുള്ളതാണ്. ആയത് സർക്കാർ കത്ത് നം. 47021/ജെ1/14/പൊ.വി.വ എന്ന കത്തിലും വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) നം. 242/2020/പൊ.വി.വ തീയതി 15/01/2020 പ്രകാരം 50 വയസ്സ് കഴിഞ്ഞ അദ്ധ്യാപകർക്ക് പ്രധാനാദ്ധ്യാപിക ആവാൻ ടെസ്റ്റ് യോഗ്യതയിൽ ഇളവുണ്ട് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

പിന്നീട് 19/02/2018-ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം. 16/2018/പൊ.വി.വ ഉത്തരവിലാണ് പ്രധാനാദ്ധ്യാപിക തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കണമെങ്കിൽ ടെസ്റ്റ്

യോഗ്യത നേടിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതി ടെസ്റ്റ് യോഗ്യത പരാമർശിക്കുന്ന ഒരു പ്രത്യേക നോട്ടിഫിക്കേഷന്റെ ആവശ്യം ഇല്ലായെന്നും സർക്കാർ ജി.ഒ (എം.എസ്) നം. 16/2018/പൊ.വി.വ തീയതി 19/02/2018, ജി.ഒ(പി) നം.16/2018/പൊ.വി.വ തീയതി 09/07/2018 എന്നീ ഉത്തരവുകൾ അനുസരിച്ച് ടെസ്റ്റ് യോഗ്യത നേടിയവർക്ക് മാത്രമേ പ്രധാനാദ്ധ്യാപിക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാവൂയെന്ന് ഒ.പി.(കെ.എ.റ്റി) നം.105/2019 എന്ന വിധിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

അപ്രകാരം ഇരിക്കെ സർക്കാർ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ടെസ്റ്റ് യോഗ്യത വേണമെന്ന് കേരള അഡ്മിനിസ്ട്രേറ്റ് ട്രൈബ്യൂണലും ബഹു. ഹൈക്കോടതിയും ഉത്തരവായി. ആയത് ചോദ്യം ചെയ്ത് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ തൽസ്ഥിതി തുടരുവാൻ ഉത്തരവായി.

മേൽ സാഹചര്യത്തിൽ ആശയകുഴപ്പം ഉണ്ടാകതെ ഇരിക്കാൻ വേണ്ടി സർക്കാർ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ജി.ഒ(പി) നം.1/2021/പൊ.വി.വ തീയതി 05/01/2021ആയി 50 വയസ്സ് കഴിഞ്ഞ അദ്ധ്യാപകർക്ക് ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് നൽകി ഭേദഗതി ഉത്തരവ് ഇറക്കി. ആയത് പ്രകാരം പ്രൈമറി സ്കൂളിൽ ഉണ്ടാവുന്ന എച്ച്.എം. തസ്തികയിൽ 50 വയസ്സ് കഴിഞ്ഞ അദ്ധ്യാപകർക്ക് ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 03/04/2011 മുതൽ മുൻകാല പ്രാബല്യത്തിലാണ്. മേൽ ഉത്തരവിലെ മുൻകാല പ്രാബല്യം ചോദ്യം ചെയ്ത് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിൽ മുൻകാല പ്രാബല്യം സ്റ്റേ ചെയ്ത ഉത്തരവ് സർക്കാർ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് മാത്രം ബാധകമായിട്ടുള്ളതാണ്. ഇത് എയ്ഡഡ് സ്കൂൾ പ്രഥമ അദ്ധ്യാപക നിയമനാംഗീകാരത്തിന് ബാധകമല്ല.

കൂടാതെ, 05/01/2021 ലെ ഉത്തരവിന്റെ ആനുകൂല്യം ശ്രീമതി.പി.മിനിക്ക് ലഭിക്കുന്നതിനെതിരെ ടി സ്കൂളിലെ മറ്റാരും കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടില്ല.

മേൽ സാഹചര്യങ്ങളും സർക്കാർ ഉത്തരവുകളും പരിഗണിച്ച് 01/06/2021 മുതൽ വിരമിക്കൽ ഒഴിവിൽ പ്രധാനാദ്ധ്യാപികയായുള്ള ശ്രീമതി. പി.മിനിയുടെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ചുവടെ ചേർക്കുന്നു.

എ.യു.പി.എസ് ഇരുമ്പകശ്ശേരി സ്കൂളിലെ പ്രധാനദ്ധ്യാപികയായിരുന്ന ശ്രീമതി. റീന ജോർജ്ജ്.കെ 31/05/2021 ന് വിരമിച്ച ഒഴിവിൽ പ്രധാനദ്ധ്യാപികയായി സ്കൂളിലെ തന്നെ യു.പി.എസ്.ടി ആയി ജോലി ചെയ്യുന്ന ശ്രീമതി.മിനി.പി യെ 01/06/2021 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചത് അംഗീകരിക്കുന്നതിന് മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ ഈ ഓഫീസിൽ നിന്നും താഴെ പറയുന്ന കാരണങ്ങളാൽ നിരസിക്കുകയായിരുന്നു.

1. 01/04/2021 മുതൽ 31/05/2021 വരെ പ്രധാനദ്ധ്യാപികയായി ചുമതലയേറ്റ ശ്രീമതി. റീന ജോർജ്ജ്.കെ യുടെ നിയമനം ഈ ഓഫീസിൽ നിന്നും നിരസിച്ചിരിക്കുകയാണ്. ആയതിനാൽ ശ്രീമതി. മിനി.പി-യെ പ്രധാനാദ്ധ്യാപികയായി നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമല്ല. ശ്രീമതി.റീന ജോർജ്ജിന്റെ നിയമനം സംബന്ധിച്ച അപ്പീൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്. 2. പ്രധാനദ്ധ്യാപിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.മിനി.പി നിയമനത്തിനു വേണ്ട വകുപ്പ് തല യോഗ്യതാ പരീക്ഷകളായ കെ.ഇ.ആർ ടെസ്റ്റ്, അക്കൗണ്ട് ടെസ്റ്റ് ലോവർ എന്നീ യോഗ്യതകൾ നേടിയിട്ടില്ല.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/02/2021 ലെ ഒ.എ441/2021 നം. ഉത്തരവ് പ്രകാരം 50 വയസ്സ് തികഞ്ഞ അദ്ധ്യാപകർക്ക് പ്രധാനാദ്ധ്യാപകൻ ആകുന്നതിനു വകുപ്പ് തല പരീക്ഷകൾ പാസാകുന്നതിനു അനുവദിച്ചിട്ടുള്ള ഇളവ് സ്റ്റേ ചെയ്തിരിക്കുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ ഉത്തരവ് എയിഡഡ് സ്കൂൾ പ്രധാനദ്ധ്യാപക നിയമനങ്ങൾക്ക് ബാധകമല്ല എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല എന്നു കാണുന്നു. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ 2011 ൽ രൂപവൽക്കരിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ സർക്കാർ എയിഡഡ് പ്രൈമറി മേഖലകളിലേയ്ക്ക് ഒരു പോലെ ബാധകമാണ് അതിലെ ചട്ടം 18(1) പ്രധാനദ്ധ്യാപക നിയമനത്തിനു വേണ്ടതായ യോഗ്യത വിവരിക്കുന്നു. ഈ ചട്ടങ്ങൾ നിലവിൽ വരുന്ന വേളയിൽ 50 വയസ്സ് പൂർത്തിയാക്കിയ ടീച്ചർമാർക്ക് ടെസ്റ്റ് യോഗ്യത ഇല്ലെങ്കിൽ കൂടി പ്രധാനദ്ധ്യാപിക നിയമനത്തിൽ സ്ഥിരമായി ഇളവ് അനുവദിക്കപ്പെട്ടിരുന്ന സാഹചര്യം നിലവിലുണ്ടായിരുന്നു. എന്നാൽ ചട്ടം രൂപീകരിച്ചപ്പോൾ ഈ ഇളവ് സംബന്ധമായ വ്യവസ്ഥ അവയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് ചട്ടം 18(1) നു ഉചിതമായ ഭേദഗതി വരുത്തി ആയത് ഉൾപ്പെടുത്തിയെങ്കിലും പ്രസ്തുത ഭേദഗതിയെ ചോദ്യം ചെയ്തു ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റാറ്റസ് കോ നില നിർത്താൻ ഉത്തരവിട്ടു ഇതോടു കൂടി നിലവിൽ 50 വയസ്സ് പൂർത്തിയാക്കിയ ടീച്ചർമാർക്ക് ടെസ്റ്റ് ഇളവ്

അനുവദിക്കുന്നതിന് നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. നിലവിൽ ഈ വിഷയം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

കൂടാതെ ഈ സ്കൂൾ മാനേജ്മെന്റിന്റെ കീഴിലുള്ള എ.എൽ.പി.സ്കൂൾ എളവള്ളി സ്കൂളിലെ എൽ.പി.എസ്.എ ശ്രീമതി.ജിജി.കെ.ജെ അക്കൗണ്ട് ടെസ്റ്റ് ലോവർ, കെ.ഇ.ആർ ടെസ്റ്റ് എന്നിവ ഉൾപ്പെടെ പ്രധാനദ്ധ്യാപക നിയമനത്തിന് പൂർണ്ണ യോഗ്യതയുള്ള അദ്ധ്യാപികയാണെന്നും ആയതിനാൽ ടിയാരിയെ പ്രധാനദ്ധ്യാപികയായി നിയമിക്കണമെന്ന് മാനേജ്മെന്റിനോട് നിർദ്ദേശിക്കണമെന്ന് അപേക്ഷിച്ച കൊണ്ട് ഒരു നിവേദനം ഈ ഓഫീസിൽ ലഭ്യമായിട്ടുമുണ്ട്.

മേൽപറഞ്ഞ കാരണങ്ങളാലാണ് ശ്രീമതി.മിനി.പി.യുടെ പ്രധാനദ്ധ്യാപിക തസ്തികയിലെ നിയമനം നിരസിച്ച് ഉത്തരവായത് നിയമനം നിരസിക്കാനുണ്ടായ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി അറിയിക്കുന്നു. മേൽ വിവരങ്ങൾ തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ 2011 ൽ രൂപവൽക്കരിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ സർക്കാർ എയിഡഡ് പ്രൈമറി മേഖലകളിലേയ്ക്ക് ഒരു പോലെ ബാധകമാണ് അതിലെ ചട്ടം 18(1) പ്രധാനദ്ധ്യാപക നിയമനത്തിനു വേണ്ടതായ യോഗ്യത വിവരിക്കുന്നു. ഈ ചട്ടങ്ങൾ നിലവിൽ വരുന്ന വേളയിൽ 50 വയസ്സ് പൂർത്തിയാക്കിയ ടീച്ചർമാർക്ക് ടെസ്റ്റ് യോഗ്യത ഇല്ലെങ്കിൽ കൂടി പ്രധാനാദ്ധ്യാപിക നിയമനത്തിൽ സ്ഥിരമായി ഇളവ് അനുവദിക്കപ്പെട്ടിരുന്ന സാഹചര്യം നിലവിലുണ്ടായിരുന്നു. എന്നാൽ ചട്ടം രൂപീകരിച്ചപ്പോൾ ഈ ഇളവ് സംബന്ധമായ വ്യവസ്ഥ അവയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് ചട്ടം 18(1) നു ഉചിതമായ ഭേദഗതി വരുത്തി ആയത് ഉൾപ്പെടുത്തിയെങ്കിലും പ്രസ്തുത ഭേദഗതിയെ ചോദ്യം ചെയ്തു ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റാറ്റസ് കോ നില നിർത്താൻ ഉത്തരവിട്ടു. ഇതോടു കൂടി നിലവിൽ 50 വയസ്സ് പൂർത്തിയാക്കിയ ടീച്ചർമാർക്ക് ടെസ്റ്റ് ഇളവ് അനുവദിക്കുന്നതിന് നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. കൂടാതെ ഈ സ്കൂൾ മാനേജ്മെന്റിന്റെ കീഴിലുള്ള എ.എൽ.പി.സ്കൂൾ എളവള്ളി സ്കൂളിലെ എൽ.പി.എസ്.എ ശ്രീമതി.ജിജി.കെ.ജെ അക്കൗണ്ട് ടെസ്റ്റ് ലോവർ, കെ.ഇ.ആർ ടെസ്റ്റ് എന്നിവ ഉൾപ്പെടെ പ്രധാനദ്ധ്യാപക നിയമനത്തിന് പൂർണ്ണ യോഗ്യതയുള്ള അദ്ധ്യാപികയാണെന്നും ആയതിനാൽ ടിയാരിയെ പ്രധാനദ്ധ്യാപികയായി

നിയമിക്കണമെന്ന് മാനേജ്മെന്റിനോട് നിർദ്ദേശിക്കണമെന്ന് അപേക്ഷിച്ച കൊണ്ട് ഒരു നിവേദനം വിദ്യാഭ്യാസ ഓഫീസിൽ ലഭ്യമായിട്ടുമുണ്ട്. ഇക്കാരണങ്ങളാൽ ഹർജിക്കാരിയുടെ പരാമർശം 1(Ext.P7) പുന:പരിശോധനാ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച തീർപ്പാക്കി ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.

മാനേജർ, എ യു പി സ്കൂൾ, ഇരുമ്പകശ്ശേരി , പാലക്കാട്.

പ്രഥമാദ്ധ്യാപകൻ, എ യു പി സ്കൂൾ, ഇരുമ്പകശ്ശേരി , പാലക്കാട്.

ശ്രീമതി. മിനി. പി, പ്രഥമാദ്ധ്യാപിക, എ യു പി സ്കൂൾ, ഇരുമ്പകശ്ശേരി , പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 30-03-2022 15:14:31**

സെക്ഷൻ ഓഫീസർ